# കോറോണ വൈറസ് രോഗത്തോട് (കോവിഡ്–19)

പോരാടുന്നതിനുള്ള ഖത്തറിൻറെ നടപടികളുടെ ഭാഗമായി, അണുബാധ പടരാനുള്ള സാധ്യതയിൽ നിന്നും നിങ്ങളെത്തന്നെയും നിങ്ങൾക്കു ചുറ്റുമുള്ളവരെയും സംരക്ഷിക്കുന്നതിനായി പൊതു ആരോഗ്യ മന്ത്രാലയത്താൽ പ്രവർത്തിപ്പിക്കപ്പെടുന്ന അതിഥി മന്ദിരത്തിൽ ഒരു 14 ദിവസ കാലയളവ് നിങ്ങൾ വസിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

**ചൈനയിൽ നിന്നും അല്ലെങ്കിൽ കോറോണ വൈറസ് രോഗത്താൽ (കോവിഡ്–19) ബാധിതമായ മറ്റു ചില പ്രത്യേക രാജ്യങ്ങളിൽ നിന്നും യാത്ര തിരിച്ച തീയതി മുതൽ 14 ദിവസത്തേക്ക് നിങ്ങളുടെ സ്വന്തം വ്യക്തിപരമായ മുറിയിൽ നിങ്ങൾക്ക് ആതിഥ്യം അരുളുന്നതായിരിക്കും.**

## ചുവടെ പറയുന്ന സേവനങ്ങൾ നിങ്ങൾക്ക് ലഭ്യമാക്കുന്നതായിരിക്കും എന്നത് ദയവായി ശ്രദ്ധിക്കുക

- ഒരു സ്വകാര്യ ടോയ്‌ലെറ്റോടു കൂടിയ സിംഗിൾ റൂം.
- എല്ലാ ഭക്ഷണവും ഹമദ് മെഡിക്കൽ കോർപ്പറേഷൻ കേറ്ററിംഗ് ഡിപ്പാർട്ട്മെൻറ് നല്കുന്നതായിരിക്കും. നിങ്ങൾക്ക് പ്രത്യേകമായ ഭക്ഷണ മുൻഗണനകൾ ഉണ്ടെങ്കിൽ റിസപ്ഷനിലുള്ള ഞങ്ങളുടെ ജീവനക്കാരെ നിങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.
- വെള്ളവും ചായയും കാപ്പിയും.
- വസ്ത്രങ്ങൾ അലക്കുന്ന സേവനം.
- സൗജന്യ വൈ–ഫൈ.

**ഗസ്റ്റ് ഫെസിലിറ്റിയിലുള്ള നിങ്ങളുടെ താമസം കഴിയുന്നത്ര സുഖകരമാക്കുവാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.**

## മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു

- ആവശ്യമുള്ള കാര്യങ്ങൾക്കല്ലാതെ നിങ്ങളുടെ മുറി വിടരുത്. നിങ്ങൾ ഒറ്റയ്ക്ക് ആയിരിക്കുമ്പോഴെല്ലാം ഒരു മുഖാവരണം ഉപയോഗിക്കുക.
- നിങ്ങളുടെ കൈകൾ പതിവായി കഴുകുക.
- ഓരോ പ്രഭാതത്തിലും ഞങ്ങളുടെ സംഘം നിങ്ങളുടെ ശരീരോഷ്മാവും പനിക്കു സമാനമായ മറ്റു ലക്ഷണങ്ങളും പരിശോധിക്കും. നിങ്ങൾക്ക് പനിയോ ശ്വാസോച്ഛ്വാസത്തിനു ബുദ്ധിമുട്ടോ ഉണ്ടാകുന്നപക്ഷം, കൂടുതൽ വിലയിരുത്തലിനും നിരീക്ഷണത്തിനുമായി നിങ്ങളെ ആശുപത്രിയിലേക്കു കൊണ്ടുപോകുന്നതായിരിക്കും.
- നിങ്ങളെത്തന്നെയും നിങ്ങളുടെ മുറിയും വൃത്തിയായി സൂക്ഷിക്കുക.
- സന്ദർശകരെ അനുവദിക്കുന്നതല്ല.
- പുറത്തു നിന്നും ഒരു സാധനവും അകത്തേക്കു കൊണ്ടു വരാൻ പാടില്ല.
- പുതിയ ഭക്ഷണവും റെസ്റ്ററൻറ് (ഡെലിവറി ഓർഡറുകൾ) മാത്രം അനുവദനീയമാണ്.
- മൂർച്ചയുള്ള വസ്തുക്കളോ സാധനങ്ങളോ അനുവദനീയമല്ല.
- കൈകളുടെ ശുചിത്വം: നിങ്ങളുടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെയും നന്നായിട്ടും കുറഞ്ഞത് 20 സെക്കൻറ് നേരമെങ്കിലും കഴുകുകയോ അല്ലെങ്കിൽ സോപ്പും വെള്ളവും ലഭ്യമല്ലെങ്കിലും നിങ്ങളുടെ കൈകൾ കാഴ്ചയിൽ വൃത്തിഹീനമല്ലെങ്കിലും കുറഞ്ഞത് %60 ആൽക്കഹോൾ അടങ്ങിയിട്ടുള്ള ആൽക്കഹോൾ–അടിസ്ഥാനമായുള്ള ഹാൻഡ് സാനിട്ടൈസർ ഉപയോഗിക്കുകയോ ചെയ്യുക. കഴുകാത്ത കൈകൾ കൊണ്ട് നിങ്ങളുടെ കണ്ണുകളും, മൂക്കും വായയും സ്പർശിക്കുന്നത് ഒഴിവാക്കുക.
- ചുമയ്ക്കുമ്പോൾ പാലിക്കേണ്ട സാമാന്യ മര്യാദ പാലിക്കുക: നിങ്ങൾ ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ നിങ്ങളുടെ വായയും മൂക്കും ഒരു ടിഷ്യൂ കൊണ്ട് മൂടുകയോ നിങ്ങളുടെ മടക്കിയ കൈമുട്ട് ഉപയോഗിക്കുകയോ ചെയ്യുക. ഉപയോഗിച്ച ടിഷ്യൂകൾ ഒരു പ്ലാസ്റ്റിക് കവർ കൊണ്ട് ലൈനിംഗ് ചെയ്തിട്ടുള്ള കുപ്പത്തൊട്ടിയിൽ എറിയുകയും ഉടനടി കൈകളുടെ ശുചിത്വം ആചരിക്കുകയും ചെയ്യുക.

നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളോ പ്രത്യേക അപേക്ഷയോ ഉള്ളപക്ഷം,
**ഞങ്ങളുടെ സംഘത്തെ ബന്ധപ്പെടുന്നതിന് ദയവായി 4482 9624 എന്ന നമ്പറിൽ ഫോൺ ചെയ്യുക.**

State of Qatar – Ministry of Public Health
مؤسسة حمد الطبية Hamad Medical Corporation – HEALTH • EDUCATION • RESEARCH – صحة • تعليم • بحوث
مؤسسة الرعاية الصحية الأولية PRIMARY HEALTH CARE CORPORATION
الهلال الأحمر القطري Qatar Red Crescent